# <u>മനുഷ്യനെ നീ സൃഷ്ടിച്ചില്ലല്ലോ ഭഗവാനേ</u>

(ജോർജ് നടവയൽ)

ഇതൊക്കെത്തന്നെയല്ലേ പണ്ടും ഉണ്ടായിരുന്നത്, ??

കാട്ടുതീ പോലെ

അവ സ്മാർട് ഫോണിൽ

വീശിപ്പടരാറില്ലായിരുന്നെങ്കിലും.

കാതോർത്താൽ

നാം ചവിട്ടിനിൽക്കുമീ ഇടത്തിലെ

മൺത്തരികൾക്കിടയിലും

എത്ര ദീനരോദനങ്ങൾ...

എത്ര ഗദ്ഗദങ്ങൾ.....

എത്ര നിലവിളികൾ..

എത്ര വിലാപങ്ങൾ....

എത്ര അലമുറകൾ....

തൊണ്ടയിൽ കുരുങ്ങിയ തേങ്ങലുകൾ....

കണ്ണോർത്താൽ

നാം ചവിട്ടിനിൽക്കുമീ ഇടത്തിൽ

എത്ര കന്യാചർമ്മ ഭേദനങ്ങൾ....

എത്ര വൃഷണഭേദ്യങ്ങൾ....

എത്ര ഉടന്തടികൾ....

എത്ര കണ്ണീർപ്പുഴകൾ..

എത്ര ചോരക്കളങ്ങൾ...

എത്ര അണ്ഡം കിട്ടാ സ്ഖലിത ബീജങ്ങൾ...

എത്ര പീച്ചിപ്പോയ മുലപ്പാൽധാരകൾ....

എത്ര ഭ്രൂണഹത്യകൾ...

എത്ര ഛേദ ഗളങ്ങൾ....

എത്ര കുത്തിത്തുരന്ന കണ്ണുകൾ....

എത്ര പെരുവിരൽ ദക്ഷിണകൾ....

എത്ര വിഷചഷകപാന മരണവിധികൾ....

എത്ര ആരോപിതവ്യഭിചാര കല്ലേർപ്പെൺപിടകൾ....

എത്ര മുൾ മുടികൾ.....

എത്ര ആണിപ്പഴുതുകൾ.....

എത്ര ചാട്ടവാർ കാർന്ന മാംസങ്ങൾ....

എത്ര ലാത്തിയുലക്കയുരുട്ടലഴികൾ.....

എത്ര സൂചികയറ്റ നഖങ്ങൾ.....

എത്ര കുരിശുമരച്ചോരച്ചാലുകൾ.....

എത്ര വെള്ളിയാഴ്ച്ച കഴുത്തു വെട്ടുകൾ.....

എത്ര ചാവേറുകൾ.....

എത്ര മാമാങ്കങ്ങൾ.....

എത്ര വീരമൃത്യൂ ജവാൻ വിധവകൾ.....

എത്ര മാംസസ്ഫോടനങ്ങൾ.....

എത്ര പിൻ കുത്തുകൾ.....

എത്ര കുതികാൽ വെട്ടുകൾ.....

എത്ര കുതിരക്കച്ചവടങ്ങൾ.....

എത്ര തൂക്കുമരക്കയർക്കുരുക്കങ്ങൾ.....

എത്ര മൈൻ ബോംബുകൾ.....

എത്ര വാൾച്ചോരദാഹങ്ങൾ.....

എത്ര ചോരപ്പൂമ്പുഴകൾ.....

എത്ര അസ്ത്ര ശസ്ത്ര രുധിര സമുദ്രങ്ങൾ.....

എത്ര കോൺസന്റ്രേഷൻ ക്യാമ്പുകൾ.....

എത്ര ലീത്തൽ ഗ്യാസ്ചേമ്പറുകൾ....

ഹേ; അന്നും ഇന്നും മനുഷ്യനെവിടേ...മനുഷ്യനെവിടേ.... ??

ഹേ; ശ്രീരാമാ.. ശ്രീകൃഷ്ണാ.. , ശ്രീ ബുദ്ധാ...ശ്രീയേശൂ....

എത്രയെത്ര ബലികൾ.... ??

അന്നുമിന്നും ബലികൾ....

ഹേ ശ്രീരാമാ.. ശ്രീകൃഷ്ണാ.. , ശ്രീ ബുദ്ധാ...ശ്രീയേശൂ....

മനുഷ്യനെ നീ സൃഷ്ടിച്ചില്ലല്ലോ ഭഗവാനേ....

സൃഷ്ടിച്ചതു കൊലയാളികളെ മാത്രമോ.. ??

കൊലയാളികൾക്കുള്ള ഇരകളെ മാത്രമോ.... ??

ദൈവമേ നീ സൃഷ്ടിച്ചതു....

സഹനം കർമ്മം എന്നൊരു ശവക്കച്ച മാത്രമോ.... ??

എവിടെ നിന്നീ രക്തരക്ഷസ്സുകൾ, ഡ്രാക്കുളകൾ വന്നൂ ദൈവമേ? ??